ഉത്തരം

(എ) സന്നദ്ധസംഘടനകളും മുഖേനയുള്ള ഭവന നിർമ്മാണ പദ്ധതിപ്രകാരം 1985-86-ൽ 4,500 വീടുകൾക്കുള്ള അപേക്ഷകൾ അനുവദിച്ചിട്ടുണ്ട്.

(ബി) വീട് അനുവദിച്ചവർക്കെല്ലാംതന്നെ ഒന്നാംഗഡു നൽകിയിട്ടുണ്ട്. രണ്ടും മൂന്നും ഗഡുക്കൾ നൽകിക്കൊണ്ടിരിക്കുന്നു.

(സി) 3251 വീടുകൾക്ക്.

(ഡി) രണ്ടാം ഗഡു നൽകുവാൻ ബാക്കിയുള്ള അപേക്ഷകരുടെ കണക്ക് ചുവടെ ചേർക്കുന്നു.

തിരുവനന്തപുരം	..	203
കൊല്ലം	..	206
പത്തനംതിട്ട	..	80
ആലപ്പുഴ	..	406
കോട്ടയം	..	747
ഇടുക്കി	..	70
എറണാകുളം	..	268
തൃശ്ശൂർ	..	279
പാലക്കാട്	..	77
മലപ്പുറം	..	66
കോഴിക്കോട്	..	218
വയനാട്	..	22
കണ്ണൂർ	..	479
കാസർഗോഡ്	..	130
ആകെ		3251

(ഇ) ഉണ്ട്.

(എഫ്) ഹഡ്കോയിൽനിന്നുള്ള വായ്പയുംകൂടി സ്വരൂപിച്ചാണ് ഈ പദ്ധതി നടപ്പാക്കുന്നത്. ഹഡ്കോയിൽനിന്നും വായ്പ ലഭിക്കുന്ന മുറയ്ക്കാണ് ഗുണഭോക്താക്കൾക്ക് വായ്പ നൽകുന്നത്. ഹഡ്കോയിൽനിന്ന് പണം ലഭിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കാൻ അവരുമായി നിരന്തരം ബന്ധപ്പെട്ടുകൊണ്ടിരിക്കുന്നുണ്ട്.

വെള്ളപ്പൊക്ക ദുരിതാശ്വാസ ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ച വീടുകൾ

226 [242] ശ്രീ. കെ. ടി. കണാരൻ:
ശ്രീ. കെ. വി. സുരേന്ദ്രനാഥ്:
ശ്രീ. വി. കെ. രാജൻ:
ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ:
ശ്രീ: പി. കുമാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വെള്ളപ്പൊക്ക ദുരിതാശ്വാസഫണ്ട് ഉപയോഗപ്പെടുത്തി സംസ്ഥാനത്താകെ ദുർബ്ബല ജനവിഭാഗങ്ങൾക്ക് എത്ര വീടുകൾ നിർമ്മിച്ചു കൊടുത്തിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പണിപൂർത്തിയാക്കാത്ത എത്ര വീടുകൾ ഉണ്ട്;

(സി) രണ്ടും മൂന്നും ഗഡു സംഖ്യകൾ കിട്ടാത്തതിനാൽ പണി പൂർത്തിയാക്കാത്ത വീടുകൾ എത്ര;

(ഡി) മുഴുവൻ ഗഡുസംഖ്യയും എന്നത്തേക്ക് കൊടുത്തു തീർക്കും എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 1,02,515 വീടുകളുടെ പണി ആരംഭിച്ചിട്ടുണ്ട്. ഇതിൽ പൂർത്തിയായ വീടുകളുടെ എണ്ണം കൃത്യമായി കണക്കാക്കിയിട്ടില്ല.

(ബി) കണക്കാക്കിയിട്ടില്ല.

(സി) 24,244 പേർക്ക് രണ്ടാം ഗഡുവും 20,677 പേർക്ക് മൂന്നാം ഗഡുവും നൽകുവാനുണ്ട്.

(ഡി) 1986 സെപ്റ്റംബർ 30-ാം തീയതിക്ക് മുൻപ് മുഴുവൻ തുകയും കൊടുത്തുതീർക്കാമെന്ന് പ്രതീക്ഷിക്കുന്നു.

വെള്ളപ്പൊക്ക പുനരധിവാസ പദ്ധതിയിൽ ഉൾപ്പെടുത്തി പണിയുന്ന വീടുകൾ

227 [243] ശ്രീ. വി. സുരേന്ദ്രൻ പിള്ള:

ശ്രീ. വി. വി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വെള്ളപ്പൊക്ക പുനരധിവാസ പദ്ധതിയിൽ ഉൾപ്പെടുത്തി വീടുകൾ പണിയുന്നതിന് എത്ര അപേക്ഷകൾ കിട്ടി;

(ബി) ഇതിൽ എത്ര എണ്ണത്തിന് അനുമതി നൽകി;

(സി) 1986 മേയ് മാസാവസാനംവരെയുള്ള കാലയളവിൽ എത്ര അപേക്ഷകർക്ക് ആദ്യഗഡു നൽകി;

(ഡി) പ്രസ്തുത കാലയളവിൽ രണ്ടാം ഗഡുവും മൂന്നാം ഗഡുവും നൽകിയ അപേക്ഷകരുടെ എണ്ണമെത്ര;

(ഇ) എത്ര പേർക്ക് കഴിഞ്ഞമാസാവസാനം മൂന്നാം ഗഡു നൽകി;

(എഫ്) ഈ വീടുകൾ എന്നത്തേക്ക് പൂർത്തിയാകും ?

ഉത്തരം

(എ) 1,20,685

(ബി) 1,07,213 എണ്ണത്തിന്.

(സി) 1,02,515 അപേക്ഷകർക്ക്

(ഡി) 1986 മേയ് 31-ാം തീയതി വരെ 48,971 പേർക്ക് രണ്ടാം ഗഡുവും 7,781 പേർക്ക് മൂന്നാം ഗഡുവും നൽകി. ഇതുവരെ 60,000 പേർക്ക് രണ്ടാം ഗഡുവും 14,000 പേർക്ക് മൂന്നാം ഗഡുവും നൽകിക്കഴിഞ്ഞിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly